**ജപ്പാൻ പ്രധാനമന്ത്രി ഔദ്യോഗികമായി ഇന്ത്യ സന്ദർശിക്കുന്നു.**
**( ജനുവരി 25-27, 2014)**

ജനുവരി 22, 2014

ജപ്പാൻ പ്രധാനമന്ത്രി ആദരണീയനായ ഷിൻസൊ ആബെ ഔദ്യോഗിക സന്ദർശനത്തിന് ഇന്ത്യയിൽ എത്തുന്നു. ജനുവരി 25 മുതൽ 27 വരെ ആണ് സന്ദർശനം . പ്രധാനമന്ത്രി ഡോ. മൻമോഹന് സിംഗിന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം. ഇന്ത്യയുടെ റിപ്പബ്ലിക് ദിന ചടങ്ങുകളിലെ മുഖ്യാതിഥി ആയിരിക്കും പ്രധാനമന്ത്രി ആബെ .
ഇന്ത്യയും ജപ്പാനും തമ്മിലുള്ള വാർഷിക ഉച്ചകോടിയില് പ്രധാനമന്ത്രി ആബേയും പ്രധാനമന്ത്രി മൻമോഹന് സിംഗും കൂടിക്കാഴ്ച നടത്തും. ഇന്ത്യാ -ജപ്പാൻ, തന്ത്രപ്രധാന - ആഗോള പങ്കാളിത്തത്തിന് ഈ ചർച്ചകള് കൂടുതല് അർഥവും തൃപ്തിയും നല്കും. പ്രധാനമന്ത്രി ആബെ രാഷ്ട്രപതി ശ്രീ പ്രണബ് മുഖർജിയുമായി കൂടിക്കാഴ്ച നടത്തുകയും ജനുവരി 26, 2014 നു റിപ്പബ്ലിക് ദിന പരേഡ് വീക്ഷിക്കുകയും ചെയ്യും.
പ്രധാനമന്ത്രി ആബെയുടെ പത്നി ശ്രീമതി അകി ആബേയും അദ്ദേഹത്തിനൊപ്പം ഉണ്ട് .

**ന്യൂഡെൽഹി**
**ജനുവരി 22, 2014**